**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4642 — 18.05.2017-ൽ മറുപടിക്ക്

## ടേക്ക് എ ബ്രേക്ക് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി. സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടേക്ക് എ ബ്രേക്ക് എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ് ലറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് എരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സർക്കാർ വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹിക്കുന്നത്. |
| സി) പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ? | സി) | പ്രധാന പാതകൾക്കരികിൽ വകുപ്പുകളോ തദ്ദേശ സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ ലഭ്യമാക്കുന്ന അനുയോജ്യമായ സ്ഥലങ്ങളിലാണ് വിനോദസഞ്ചാര വകുപ്പ് "ടേക്ക് എ ബ്രേക്ക്" സ്ഥാപിക്കുന്നത്. ഇതിനാവശ്യമായ നിർമ്മാണ ചെലവ് വിനോദസഞ്ചാര വകുപ്പ് വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ